**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2336** **21-06-2024 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക് / ജി-സ്പാർക്ക് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്പാർക്ക് മുഖേനയും തനത് ഫണ്ടുകൾ ഉപയോഗിച്ച് ശമ്പളം മാറുന്ന ഓഫീസുകളായ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേനയും ശമ്പളം നൽകി വരുന്നു.<br><br>മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് PEN അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലായതിനാൽ സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മേൽ പരാമർശിച്ച ജീവനക്കാർക്ക് (മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ) പെൻ നമ്പർ ഉപയോഗിച്ച് ശമ്പളം മാറുന്നതിന് പകരം സർക്കാർ നിർദ്ദേശ പ്രകാരം സ്പാർക്ക് ഐ.ഡി. ഉപയോഗിച്ച് ശമ്പളം മാറി വരുന്നു. |
| (ബി) | സ്പാർക്ക് സംവിധാനം ഇല്ലാത്ത ഒരു വിഭാഗം ജീവനക്കാർക്ക് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി | (ബി) | ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനത്തിൽ |

| | | | |
|---|---|---|---|
| | അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | | കൊണ്ടുവരുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ